<u>പതിമൂന്നാം കേരള നിയമസഭ</u>
<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത</u> | <u>21/06/2012-ൽ മറുപടി</u>
<u>ചോദ്യം നം: 2687</u> | <u>നല്കേണ്ടിയിരുന്നത്</u>

<u>കൈവശ ഭൂമിക്ക് പട്ടയം നൽകുവാൻ നടപടി</u>

<u>ചോദ്യം</u>

ശ്രീ. രാജു എബ്രഹാം

(എ) മല്ലപ്പള്ളി താലൂക്കിൽ പെരുവെട്ടി വില്ലേജിലെ എത്ര കുടുംബങ്ങൾക്കാണ് അവരുടെ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) 40 വർഷത്തിലധികമായി പ്രസ്തുത സ്ഥലത്ത് താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികൾ പൂർത്തീകരിക്കാനുണ്ട്; ഇവ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇവർക്ക് എന്ന് പട്ടയം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

ശ്രീ.അടൂർ പ്രകാശ്
(റവന്യൂ വകുപ്പ് മന്ത്രി)

(എ) മല്ലപ്പള്ളി താലൂക്കിൽ പെരുവെട്ടി വില്ലേജിലെ വനം റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പ്രകാരം 01/01/1977 ന് മുമ്പുള്ള 401 പേർക്ക് പട്ടയം ലഭിക്കാനുള്ളതായി കാണുന്നു.

(ബി) കൈവശ സ്ഥലം നിക്ഷിപ്ത വനം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചാൽ മാത്രമേ പട്ടയം നല്കാൻ കഴിയുകയുള്ളൂ.

(സി) കേന്ദ്രാനുമതി സംബന്ധിച്ചുള്ള നടപടി ആണ് പൂർത്തിയാക്കാനുള്ളത്. സംയുക്ത പരിശോധനയ്ക്ക് ശേഷം 2001ൽ റിപ്പോർട്ടും അനുബന്ധരേഖകളും സമർപ്പിച്ചിരുന്നു. എന്നാൽ നിലവിൽ പ്രസ്തുത സ്ഥലത്തെ കൈവശക്കാരുടെ വിവരങ്ങൾ സംയുക്ത പരിശോധനാ ലിസ്റ്റുമായി താരതമ്യം ചെയ്ത ശേഷം പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ ഭൂമി അളന്ന് തിട്ടപ്പെടുത്തി രേഖകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ആയത് സമർപ്പിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചശേഷം മാത്രമേ പട്ടയങ്ങൾ നല്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ